തസ്വഭവ-പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

19/06/2024 തീയതി ചേർന്ന ജില്ലാതല സ്ഥിരം അദാലത്ത് സമിതി യോഗത്തിന്റെ മിനിട്ട്സ്

സ്ഥിരം അദാലത്ത് സംവിധാനവുമായി ബന്ധപ്പെട്ട് ജില്ലാതല അദാലത്ത് സമിതി യോഗം 19/06/2024 തീയതി 11 മണിക്ക് ജില്ലാതല സ്ഥിരം അദാലത്ത് സമിതി ചെയർമാനും തസ്വഭവ ജോയിന്റ് ഡയറക്ടറുമായ ശ്രീമതി.എം കെ ഉഷയുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി.

പങ്കെടുത്തവർ

1. ശ്രീമതി.എം കെ ഉഷ, ജില്ലാ ജോയിന്റ് ഡയറക്ടർ പാലക്കാട്, തസ്വഭവ

2.ശ്രീമതി.ദീപ, ജില്ലാ ടൌൺ പ്ലാനർ, തസ്വഭവ

3.ശ്രീ.സാം വൈദ്യനാഥൻ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, തസ്വഭവ

4. ശ്രീമതി.ശുഭ ടിഎസ്, അസിസ്റ്റന്റ് ഡയറക്ടർ, തസ്വഭവ

5. ശ്രീ.ഹരിദാസൻ സി കെ, ഇന്റേണൽ വിജിലൻസ് ഓഫീസർ ,തസ്വഭവ

6.ജൂനിയർ സൂപ്രണ്ട് –ആനക്കര ഗ്രാമപഞ്ചായത്ത്

അജണ്ട - കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമായില്ലെന്നത് സംബന്ധിച്ച് ശ്രീ.നാസർ സി പി നവകേരളസദസ്സിൽ സമർപ്പിച്ച പരാതി

ജില്ലാതല സ്ഥിരം അദാലത്ത് സമിതിയിലേക്ക് എസ്കലേറ്റ് ചെയ്ത് ലഭ്യമായ, ശ്രീ.നാസർ സി പി S/O ഹസ്സൻകുട്ടി, ചുള്ളിപറമ്പിൽ ഹൌസ്,ആനക്കര എന്നവർ നവകേരളസദസ്സിൽ സമർപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമായില്ലെന്ന പരാതി സമിതി പരിഗണിച്ചു.

പരാതികക്ഷി ടിയാന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 269/5-4 ഉൾപ്പെട്ടതും നിലമെന്ന് രേഖപ്പെടുത്തിയതുമായ വഹകളിൽ വീട് നിർമ്മിക്കുന്നതിന് എൻഒസിക്കായി 05/09/2013 തീയതി ആനക്കര ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതിൽ, 11/09/2013 ലെ സബ്ക്കമ്മിറ്റി തീരുമാനപ്രകാരം എൻഒസി ലഭിച്ചിട്ടുള്ളതാണെന്നും നിലവിൽ വീട്പണി ഏകദേശം പൂർത്തിയായതാണെന്നും കെട്ടിട നിർമ്മാണ പെർമിറ്റിനായി ആനക്കര ഗ്രാമപഞ്ചായത്തിനെ സമീപിച്ചപ്പോൾ പ്രസ്തുത സ്ഥലം നിലമായതിനാൽ പെർമിറ്റ് അനുവദിക്കാൻ കഴിയില്ലെന്ന് സെക്രട്ടറി അറിയിച്ചതായും കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാകുന്നതിനുള്ള അനുകൂല നടപടികൾ ഉണ്ടാകണമെന്നുമാണ് പരാതി ഉന്നയിച്ചിരിക്കുന്നത്.

ആനക്കര ഗ്രാമപഞ്ചായത്തിലെ 30/09/2013 ലെ എ4-5722/12/കെപിബിആർ നമ്പർ കത്ത് പ്രകാരം ശ്രീ.നാസർ സി പി S/O ഹസ്സൻകുട്ടി, ചുള്ളിപറമ്പിൽ ഹൌസ്, ആനക്കര എന്നവർക്ക് ടിയാന്റെ ഉടമസ്ഥതയിലുള്ള ആനക്കര വില്ലേജിലെ റീസർവ്വേ നമ്പർ 269/5-4 ഉൾപ്പെട്ട 10 സെൻറ് സ്ഥലത്തിൽ വാസഗൃഹം നിർമ്മിക്കുന്നതിന് 11/09/2013 ലെ നഞ്ചകമ്മിറ്റി തീരുമാനം പ്രകാരം നിബന്ധനകൾക്ക് വിധേയമായി എൻഒസി അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ "നിയമാനുസൃതമുള്ള അനുമതിയില്ലാതെ നിലം നികത്തുകയോ/നിലം നികത്തിയസ്ഥലത്ത് കെട്ടിടം നിർമ്മിക്കുകയോ പാട്ടുള്ളതല്ല,ആയത് കുറ്റകരമായതിനാൽ നിയമനടപടികൾക്ക് ഇടവരുത്തുന്നതാണ്" എന്ന നിബന്ധന ലംഘിക്കപ്പെട്ടതായും നിലവിൽ വീടിന്റെ സ്ട്രക്ച്ചറൽ വർക്ക് പൂർത്തീകരിച്ചതിന് ശേഷമാണ് കെട്ടിടനിർമ്മാണ അനുമതിക്കായി പഞ്ചായത്തിനെ സമീപിച്ചിരിക്കുന്നത്. 269/5-4 റീസർവ്വേ നമ്പറിൽ പരാതിക്കാരന്റെ ഉടമസ്ഥതയിൽ 24 സെന്റ് സ്ഥലം ഉണ്ടെന്നും ആയത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമാണെന്നും ആയതിനാലാണ് അനുമതി നൽകാൻ കഴിയാതിരുന്നതെന്നും ടി വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്നും ആനക്കര ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് അറിയിച്ചു.

ശ്രീ.നാസർ സി പി S/O ഹസ്സൻകുട്ടി എന്നവർക്ക് ടിയാന്റെ ഉടമസ്ഥതയിലുള്ള 269/5-4

റീസർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്തിൽ വീട് നിർമ്മിക്കുന്നതിന് 11/09/2013 ലെ നഞ്ചകമ്മിറ്റി തീരുമാനം പ്രകാരം ആനക്കര ഗ്രാമപഞ്ചായത്ത് എൻഒസി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ആനക്കര ഗ്രാമപഞ്ചായത്ത് സെക്രറിയുടെ മേൽപ്രസ്ഥാവിതവാദം നിലനിൽക്കുന്നതല്ലെന്ന് വിലയിരുത്തിയ സമിതി, ഒരിക്കൽ കൂടി സൈറ്റ് പരിശോധിക്കുന്നതിനും പ്രസ്തുത കെട്ടിടത്തിന് മറ്റ് കെപിബിആർ ചട്ടലംഘനം ഇല്ലെങ്കിൽ അപേക്ഷകന് കെട്ടിട നിർമ്മാണ പെർമിറ്റ്/കെട്ടിട നമ്പർ/കെട്ടിട ക്രമവൽക്കരണം അനുവദിക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് ആനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയും ആയത് സമിതി അംഗീകരിക്കുവാനും തീരുമാനിച്ചു.

യോഗം കൃത്യം 11.45 AM ന് അവസാനിച്ചു.

Signed by
Usha M K
Date: 01-08-2024 19:46:04